സി5/20193/08

വൊക്കേഷണൽ ഹയർസെക്കണ്ടറി
വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തിയതി.. 13.10.2009.

## സർക്കുലർ

വിഷയം. ഐ.സി.റ്റി. ഇൻ സ്കുൾ സ്കീം പദ്ധതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ.

സൂചന. 1. No. ITS/2009/10/1225(45) നമ്പറിൽ ഒക്ടോബർ 12 ന് ഐ.ടി & സ്കുൾ എക്സിക്യൂട്ടിവ് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ.
2. No. ITS/2009/10/1225(46) നമ്പറിൽ ഒക്ടോബർ 12 ന് ഐ.ടി & സ്കുൾ എക്സിക്യൂട്ടിവ് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയിഡഡ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കുളുകളിൽ ഐ.സി.റ്റി. സ്കീം നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സ്കുളുകളിൽ അടിസ്ഥാന ഐ.റ്റി. സൗകര്യങ്ങൾ ഒരുക്കുക, ഐ.ടി അധിഷ്ഠിത പഠനബോധനരീതികൾ ക്ലാസ്സുകളിൽ നടപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സ്കുളുകൾക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, ബ്രോഡ്ബ്രാന്റ് ഇന്റർനെറ്റ് കണക്ഷൻ മുതലായവ വിതരണം ചെയ്തുവരുന്നു. സ്കീം പ്രകാരമുള്ള സൗകര്യങ്ങൾ ക്ലാസ്സ്മുറികളിലെ പഠനബോധരീതികൾ മെച്ചപ്പെടുത്തതിനുവേണ്ടിയാകയാൽ ഈയാവശ്യത്തിനായി അവ വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് അതത് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. ലാപ്ടോപ്പ്, പ്രൊജക്ടർ മുതലായ ഉപകരണങ്ങൾ എല്ലാ പഠനവിഷയങ്ങളുടേയും ക്ലാസ് മുറികളിലെ വിനിമയത്തിന് ഫലപ്രദമായി ഉപയോഗപ്പേടുത്തണം. ഹയർസെക്കണ്ടറി ഐ.ടി. കോഡിനേറ്റർമാർ (വി.എച്ച്.എസ്.ഇ) ഇതിനാവശ്യമായ സാങ്കേതിക ഉപദേശങ്ങൾ മറ്റുള്ള അദ്ധ്യാപകർക്ക് നൽകേണ്ടതാണ്. ഐ.സി.റ്റി. സ്കീം പ്രകാരം സ്കുളിൽ ഇതുവരെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ലഭിച്ചിട്ടില്ലെങ്കിൽ സ്കുളിലെ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിനു മാത്രമായുള്ള ബി.എസ്.എൻ.എൽ. ലാന്റ്ഫോൺ നമ്പർ ഒക്ടോബർ 30 ന് മുമ്പ് ഐ.റ്റി. @ സ്കുളിലെ ഐ.സി.റ്റി. സെല്ലിൽ അറിയിക്കണം. ഈ ആവശ്യത്തിനായി പ്രത്യേക ടെലഫോൺ കണക്ഷൻ വി.എച്ച്.എസ്.ഇ വിഭാഗത്തിന് മാത്രമായി ലഭ്യമാക്കേണ്ടതാണ്.

ഐ.സി.റ്റി. അൻ. സ്കുൾ സ്കീമിന്റെ പദ്ധതിനിർവഹണം ഐ.ടി അറ്റ് സ്കുൾ പ്രോജക്ടിന്റെ ചുമതലയിലാണ്. സ്കുളുകളിലെ നിലവിലുള്ള ഐ.ടി അടിസ്ഥാന സൗകര്യം വിലയിരുത്തുന്നതിനായി ഐ.ടി അറ്റ് സ്കുൾ ഒരു സർവ്വേ നടത്തുന്നുണ്ട്. വരും വർഷത്തേക്കുള്ള സ്കുൾ പ്ലാനും ഇതൊടൊപ്പം സമർപ്പിക്കാവുന്നതാണ്. ഇത് സംബന്ധിച്ച നടപടികൾ സൂചനയിലുള്ള ഐ.ടി അറ്റ്. സ്കുൾ എക്സിക്യൂട്ടിവ് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറുകൾ പ്രകാരം പൂർത്തിയാക്കേണ്ടതാണ്.

**ഡയറക്ടർ**

സി 5/21934/08

തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി
ഡയറക്ടറുടെകാര്യാലയം,
തിരുവനന്തപുരം,
തീയതി 13.10.2009

## സർക്കുലർ

വിഷയം:- ഐ.റ്റി. @ സ്കൂൾ - വീഡിയോ കോൺഫറൻസ് സംബന്ധിച്ച്-

14.10.09-ന് ഐ.റ്റി. @ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വീഡിയോ കോൺഫറൻസിൽ എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരും ഏറ്റവും അടുത്തുള്ള EDUSAT നോഡൽ സെന്ററുകളിൽ എത്തി പങ്കെടുക്കേണ്ടതും അതതു മേഖലയിലുള്ള ICT in School സ്കൂൾ സ്കീമിൽ ചേർന്നിട്ടുള്ള എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരെയും അതതു സ്കൂളിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഐ.റ്റി. കോ-ഓർഡിനേറ്റർമാരോടൊപ്പം ഏറ്റവും അടുത്തുള്ള ജില്ലാ EDUSAT നോഡൽ സെന്ററിൽ എത്തുന്നതിനായി നിർദ്ദേശം നൽകണമെന്നും അറിയിച്ചു കൊള്ളുന്നു. കേരളത്തിലെ 261 ഗവൺമെന്റ് സ്കൂളുകളും ICT in School Schemeന്റെ പരിധിയിൽ വരുന്നതാണെന്നുള്ള വിവരം കണക്കിലെടുക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

ഡയറക്ടർ

നമ്പർ. സി5/21934/08

തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി
വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി. 13/10/2009.

## <u>സർക്കുലർ</u>

വിഷയം. **ബ്രോഡ്ബാന്റ് ലഭ്യതക്കായി ടെലിഫോൺകണക്ഷൻ എടുക്കുന്നത് സംബന്ധിച്ച്**

സംസ്ഥാനത്തെ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കുളുകളിൽ ഐ.സി.റ്റി. സ്കീം നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. സ്കീമിൽ ഉൾപെട്ടിട്ടുള്ള സ്കുളുകളിൽ സ്കീമിന്റെ ഭാഗമായി ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ നൽകിവരുന്നു. എന്നാൽ ചില സ്കുളുകളിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിന് പ്രത്യേകമായി ബി.എസ്.എൻ.എൽ ടെലിഫോൺ കണക്ഷനില്ലാത്തത് മൂലം ബ്രോഡ്ബാന്റ് നൽകുവാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഹൈസ്കൂൾ വിഭാഗത്തിന്റെ ടെലിഫോൺ നമ്പറുകൾ ഉപയോഗിച്ച് ഹൈസ്കുൾ വിഭാഗത്തിന് തന്നെ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുള്ളതുകൊണ്ട് അതേ നമ്പർ വീണ്ടും ഉപയോഗിക്കാൻ കഴിയില്ല. ആയതിനാൽ ഐ.സി.റ്റി. സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ഇതുവരെ ബ്രോഡ്ബാന്റ് ലഭിക്കാത്ത സർക്കാർ/സർക്കാർ എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കുളുകളിലെ പ്രിൻസിപ്പൽമാർ എത്രയും പെട്ടെന്ന് വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിനു മാത്രമായി ബി.എസ്.എൻ.എൽ. ലാന്റ്ഫോൺ കണക്ഷൻ എടുക്കുകയും ഫോൺ നമ്പർ (എസ്.ടി.ഡി കോഡ് സഹിതം) ഐ.സി.ടി സെല്ലിലേക്ക് മെയിൽ ചെയ്യുകയും വേണം. സ്കുളുകൾ ടെലിഫോൺ കണക്ഷന്റെ ചെലവുകൾ പി.റ്റി.എ ഫണ്ട് മുതലായവയിൽ നിന്ന് കണ്ടെത്തണം. ബ്രോഡ്ബാന്റിന്റെ ചെലവുകൾ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്.

**ഡയറക്ടർ**